നം. സി 5/23193/08

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി
വിദ്യാഭ്യാസ ഡയക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

തീയതി : 30.10.2008

## സർക്കുലർ

വിഷയം: ഐ.ടി@സ്കൂൾ പ്രോജക്ട് - ഐ.സി.ടി ഇൻ സ്കൂൾ സ്കീം എയ്ഡഡ് സ്കൂളുകളുടെ വിഹിതം ഒടുക്കുന്നത് സംബന്ധിച്ച് -

സൂചന:
1. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.06.2008 ന് നടന്ന ഐ.സി.ടി. നിർവഹണയോഗ തീരുമാനം.
2. നം. എഫ്.11-24/2008-School-5 നമ്പറിൽ 29.09.2008 ന് ഭാരത സർക്കാറിന്റെ മാനവശേഷി വികസന മന്ത്രാലയത്തിന്റെ ഉത്തരവ്.
3. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03.10.2008 നടന്ന യോഗ തീരുമാനം.

സൂചന-2 പ്രകാരം കേരളത്തിലെ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി എയിഡഡ് സ്കൂളുകളിലും ഐ.സി.ടി. സ്കീം നടപ്പാക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി ഒരു സ്കൂളിന് ഒരു വർഷം ഏകദേശം 1.33 ലക്ഷം വീതം അഞ്ചുവർഷത്തേക്ക് ഏകദേശം 6.7 ലക്ഷം രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. നടപ്പ് സാമ്പത്തികവർഷം മുതൽ (2008-09) അഞ്ചുവർഷത്തേക്ക് (2012-13) തുടർച്ചയായാണ് ഈ സ്കീം വിഭാവനം ചെയ്തിരിക്കുന്നത്.

ഓരോ വർഷവും ഒരു സ്കൂളിന് ശരാശരി 1 ലക്ഷം രൂപയുടെ ഹാർഡ് വെയർ ഉപകരണങ്ങൾ ഇതുവഴി ലഭ്യമാക്കും. ഉള്ളടക്കവികസനം, അദ്ധ്യാപക പരിശീലനം, ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, മോണിററിംഗ് തുടങ്ങിയവയ്ക്കാണ് ബാക്കിയുള്ള തുക ഉപയോഗിക്കുന്നത്. ഇത് നിലവിൽ സർക്കാർ ഹൈസ്കൂളുകളിൽ ഐ.സി.ടി. സ്കീം നടപ്പാക്കിയ രൂപത്തിൽത്തന്നെയാവും നടപ്പാക്കുന്നത്. ഐ.ടി@സ്കൂൾ പ്രോജക്ടാണ് സ്കീമിന്റെ നിർവ്വഹണ ഏജൻസി. ഐ.ടി@സ്കൂൾ ലഭ്യമാക്കുന്ന പ്രൊഫോർമയിൽ ഓരോ സ്കൂളും അവയുടെ മുൻഗണനാക്രമത്തിൽ അവർക്കാവശ്യമുള്ള ഹാർഡ് വെയർ ഉപകരണങ്ങൾ (ശരാശരി 1 ലക്ഷം രൂ വിലവരുന്ന) ഐ.ടി@സ്കൂളിനെ അറിയിക്കണം. ഇതിനായി എഡ്യൂസാററ് സംവിധാനം വഴിയോ ജില്ലാതല യോഗങ്ങൾ വഴിയോ ഐ.ടി@സ്കൂൾ പ്രോജക്ട് ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കും. സ്കൂളുകളിൽ വിന്യസിക്കുന്ന ഹാർഡ് വെയർ ഉപകരണങ്ങളുടെ പരിപാലനം, ഹാർഡ് വെയർ ക്ളിനിക്ക് തുടങ്ങിയവ ഇതിന്റെ തുടർച്ചയായി നടത്തുന്നതാണ്.

അഞ്ചുവർഷം നീണ്ടുനിൽക്കുന്ന ഈ സ്കീമിൽ ഉൾപ്പെടുത്താൻ എയ്ഡഡ് സ്കൂളുകൾ സംസ്ഥാന വിഹിതമായ 33,000 രൂപ (മൊത്തം സ്കീമിന്റെ 25%) എല്ലാ എയ്ഡഡ് സ്കൂളുകളും നിർബന്ധമായും അടക്കേണ്ടതാണ് ഈ തുക മുൻകൂട്ടി അടക്കാത്ത സ്കൂളുകളെ സ്കീമിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്ന് മാത്രമല്ല നാല് വർഷങ്ങളിലും ഇത്തരം സ്കൂളുകൾ സ്കീമിന് പുറത്തുനിൽക്കേണ്ടിവരും. അതിനാൽ ഐ.സി.ടി. ഇൻ സ്കൂൾ സ്കീമിൽ ഉൾപ്പെടുത്താനാഗ്രഹിക്കുന്ന എയ്ഡഡ് സ്കൂളുകൾ ഈ വർഷത്തെ വിഹിതമായ 33,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഐ.ടി@സ്കൂൾ പ്രോജക്ട് (ഐ.സി.ടി) എന്നപേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രൂപത്തിൽ 2008 നവംബർ 29നു മുമ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @സ്കൂൾ പ്രോജക്ട്, എസ്.സി.ഇ.ആർ.ടി. ബിൽഡിംഗ്, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി
വിദ്യാഭ്യാസ ഡയറക്ടർ